DESPATCHED
On.05/2/22..

03/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1343*(2)/2020*/***എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9398** /*എസ്.ഐ.സി–ജി 6/2020*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. മോഹൻദാസ് എ.യു,
30/48 അനുഗ്രഹ,
ശ്രീപുരം ലൈൻ,
പൂങ്കുന്നം (പി.ഒ), തൃശ്ശൂർ – 680 002.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   കോലഴി ഗ്രാമപഞ്ചായത്ത്.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   സിവിൽ സ്റ്റേഷൻ, അയ്യന്തോൾ,
   തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.03.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.07.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.09.2020 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022<br>ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.യു. മോഹൻദാസ് 07/09/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 23/09/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1343(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 23.03.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

കോലഴി ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക യാത്ര വാഹനത്തിന്റെ 2019 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ മുഴുവൻ ദിവസത്തേയും ലോഗ്ഷീറ്റ് പകർപ്പ് അനുവദിച്ചു തരണമെന്നും, ഒടുക്കേണ്ടതായ ഫീസ് വിവരങ്ങൾ ലഭ്യ മാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 09.05.2020–ന് മറുപടി നൽകിയത് ഇപ്രകാരമാണ്. ഔദ്യോഗിക യാത്ര വാഹനത്തിന്റെ സെപ്തംബർ, ഒക്ടോബർ മാസത്തിലെ ലോഗ്ബുക്കിന്റെ പകർപ്പിന് ആവശ്യമായ തുകയായ 444/– രൂപ അടയ്ക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പകർപ്പ് അനുവദിക്കാവുന്നതാ ണെന്നാണ്.

4. 22.05.2020 തീയതിയിൽ ഹർജിക്കാരന്റെ അപ്പീലിന്മേൽ 06.07.2020–ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 04/11/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 07/10/2020 പ്രകാരം രണ്ടാം അപ്പീലിൽ ഹർജിക്കാരൻ ടി ഓഫീസിൽ സമർപ്പിച്ച അപ്പീലിൽ 06/07/2020 പ്രകാരം ടി ഓഫീസിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെന്നും, കോലഴി ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക യാത്രാ വാഹനത്തിന്റെ 2019 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ലോഗ് ഷീറ്റിന്റെ പകർപ്പ് ലഭിക്കുന്നതിനായിരുന്നു അപ്പീൽവാദി 14/05/2020-ൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, ആയത് 444/- രൂപ അടക്കുവാൻ നിർദ്ദേശിച്ച് മറുപടി നൽകിയതിലാണ് അപ്പീൽവാദി ആക്ഷേപം ഉന്നയിച്ചിരുന്നതെന്നും, 27.05.2020-ൽ സമർപ്പിച്ച ഒന്നാം അപ്പീലിൽ കോവിഡ് - 19 വ്യാപനവുമായി ബന്ധപ്പെട്ട് ഇരുകൂട്ടരേയും നേരിൽ കേൾക്കുവാൻ സാധിക്കാത്തതിനാൽ ഹർജിക്കാരന്റെ അപ്പീൽ പരിഗണിച്ച് കോലഴി ഗ്രാമപഞ്ചായത്ത് പൊതു ബോധനാധികാരിയിൽ നിന്ന് റിപ്പോർട്ട് തേടിയത് പ്രകാരം അപ്പീൽ അധികാരി അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചെന്നുമാണ് അപ്പീൽ വാദി ആക്ഷേപം ഉന്നയിച്ചത് പ്രകാരം കോലഴി ഗ്രാമപഞ്ചായത്ത് പൊതുബോധനാധികാരി നൽകിയ മറുപടിയിൽ ഫീസ് നിർണ്ണയത്തിന്റെ കണക്കുകൾ വ്യക്തമാക്കാത്തതിനാൽ ആയത് സൗജന്യമായി 10 ദിവസത്തിനുള്ളിൽ അനുവദിക്കുന്നതിന് 6/7/2020-ലെ എ.ഡിപി-ടി.എസ്.ആർ/208/2020പി2 പ്രകാരം ഉത്തരവായിട്ടുള്ളതും, പ്രസ്തുത ഉത്തരവ് പഞ്ചായത്തിന്റെ ഔദ്യോഗിക ഇമെയിൽ വിലാസത്തിൽ അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ പൊതു ബോധനാധികാരിക്ക് വീഴ്ച്ച സംഭവിച്ചിട്ടുള്ളതായി കാണുന്നുവെന്നും, 7.10.2020 തീയതിയിൽ ടി ഓഫീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ ലോഗ് ബുക്കിന്റെ പകർപ്പ് 31/10/2020 നും 02.11.2020-നും ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയതായി കോലഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പോസ്റ്റൽ രശീതി പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ടെന്നുമാണ്. എന്നാൽ കമ്മീഷനിൽ ഹർജിക്കാരൻ സമർപ്പിച്ച Despatch cum Stamp Account Register പരിശോധിച്ചതിൻ പ്രകാരം 31/10/2020-ൽ ടിയാന്

നൽകിയതായി കാണിച്ചിരിക്കുന്ന കത്ത് യഥാർത്ഥത്തിൽ 02/11/2020–നാണ് രജിസ്റ്റർ ചെയ്തിരിയ്ക്കുന്നതു Despatch രജിസ്റ്ററിൽ 02/11/2020–ൽ ടിയാന് കത്തുകൾ ഒന്നും അയച്ചതായി രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ഒന്നാം എതിർകക്ഷി ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം തെറ്റായ റിപ്പോർട്ട് സമർപ്പിച്ചതിൽ വിശദീകരണം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, 09/05/2020–ന് ഒന്നാം എതിർകക്ഷി നൽകിയ 7(1) പ്രകാരമുള്ള മറുപടിയിൽ തെറ്റായി 14/05/2020–ലെ അപേക്ഷ എന്നാണ് പരാമർശിച്ചിരിക്കുന്നത്. അതോടൊപ്പം പകർപ്പുകൾ ലഭിക്കുന്നതിലേയ്ക്ക് ആവശ്യമായ തുകയായ 444 രൂപ എന്നുള്ളതു വിവരാവകാശ നിയമം വകുപ്പ് 7(3)(a)–യ്ക്ക് വിരുദ്ധവുമാണ്. 06/07/2020–ൽ അപ്പീൽ തീർപ്പാക്കിയ ഉത്തരവിലും ഒന്നാം എതിർകക്ഷി ഗുരുതര വീഴ്ച്ച വരുത്തിയിട്ടുണ്ടെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പി ക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ട താണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2022 ജനുവരി 03-ാം** തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

AV